ഭിന്നശേഷിയുള്ളവർക്ക് സി.ആർ.സി. മുഖേനയുള്ള പദ്ധതികൾ

18 (*588) ശ്രീ. കെ. എം. ഷാജി :
ശ്രീ. എം. ഉമ്മർ :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോമ്പസിറ്റ് റീജിയണൽ സെന്റർ ഫോർ പേഴ്സൺസ് വിത്ത് ഡിസബിലിറ്റീസ് (സി.ആർ.സി.) സംസ്ഥാനത്ത് നടപ്പാക്കുന്ന പദ്ധതികൾ സംബന്ധിച്ച വിശദ വിവരം നൽകുമോ ;

(ബി) ഭിന്നശേഷിയുള്ളവരുടെ പുനരധിവാസക്കാര്യത്തിൽ സി.ആർ.സി.-യുടെ പങ്കാളിത്തം എത്രത്തോളമാണെന്ന് വ്യക്തമാക്കുമോ ;

(സി) ഇതിന്റെ പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി (ഡോ. എം. കെ. മുനീർ) :

(എ&ബി) സാമൂഹ്യനീതിയും ശാക്തീകരണവും എന്ന കേന്ദ്ര സർക്കാരിന്റെ മന്ത്രാലയത്തിന് കീഴിൽ അംഗപരിമിതരുടെ ശാക്തീകരണ വകുപ്പിന്റെ കീഴിലുള്ള ഒരു സ്ഥാപനമാണ് കോമ്പസിറ്റ് റീജിയണൽ സെന്റർ (സി.ആർ.സി.) മാനവിക വിഭവ വികസനം, ഗവേഷണം എന്നിവയെ ആധാരമാക്കി ഭിന്നശേഷിയുള്ളവരിൽ മാനവിക വിഭവ ശേഷിയും അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുകയെന്നതാണ് സി.ആർ.സി.-യുടെ അടിസ്ഥാനലക്ഷ്യം. ഒരു കേന്ദ്രാവിഷ്കൃത സ്ഥാപനമായ സി.ആർ.സി. ഗ്രാമീണമേഖലയിലെ ഭിന്നശേഷിയുള്ളവരുടെ സർവ്വതോന്മുഖമായ പുരോഗതിയാണ് ലക്ഷ്യമിടുന്നത്.

സമൂഹത്തിലെ എല്ലാ വിഭാഗങ്ങളിലുമുള്ള ഭിന്നശേഷിയുള്ളവരെ പുനരധിവസിപ്പിക്കുകയും ആരോഗ്യ രംഗത്ത് വിവിധ മേഖലകളിൽ പ്രാഗത്ഭ്യം നേടിയ ഡോക്ടർമാരുടെ നേതൃത്വത്തിൽ സമഗ്രമായ രോഗ നിർണ്ണയം നടത്തുക, ഭിന്നശേഷിയുള്ളവർക്ക് മാർഗ്ഗനിർദ്ദേശങ്ങൾ, കൗൺസിലിംഗ് നൽകുക, സഹായോപകരണങ്ങൾ വിതരണം ചെയ്യുക, ഉന്നത വിദ്യാഭ്യാസവും തൊഴിൽ പരിശീലനവും നൽകുക എന്നീ പ്രവർത്തനങ്ങളിലൂടെ ഭിന്നശേഷിയുള്ളവരിൽ സ്വാശ്രയത്വശീലവും സ്വയം പര്യാപ്തതയും വളർത്തുകയെന്നതാണ് പുനരധിവാസ മേഖലയിൽ സി.ആർ.സി. വഹിക്കുന്ന പങ്ക്. സ്പെഷ്യൽ എഡ്യൂക്കേഷനിൽ 2 വർഷ ഡിപ്ലോമ കോഴ്സ്, അങ്കണവാടി പ്രവർത്തകർ, ആശാ വർക്കർ എന്നിവർക്കുള്ള ലഘുപരിശീലന പരിപാടി എന്നിവ സി.ആർ.സി വഴി നടപ്പിലാക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) കോഴിക്കോട് സി.ആർ.സി. നിലവിൽ സാമൂഹ്യനീതി വകുപ്പിന്റെ കെട്ടിടത്തിൽ പരിമിതമായ സൗകര്യത്തിൽ പ്രവർത്തിക്കുന്നു. ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള സർക്കാർ സ്ഥലത്ത് സി.ആർ.സി. പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള സർക്കാർ നടപടികൾ പുരോഗമിച്ചുവരുന്നുണ്ട്.

കർഷകർക്ക് അഗ്രികാർഡ്

19 (*589) ശ്രീ. സി. ദിവാകരൻ :
ശ്രീ. വി. ശശി :
ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പേര് രജിസ്റ്റർ ചെയ്ത എത്ര കർഷകരുണ്ട് എന്ന് വെളിപ്പെടുത്തുമോ ;

(ബി) സംസ്ഥാനത്തെ മുഴുവൻ കർഷകർക്കും അഗ്രി കാർഡ് നൽകാനുള്ള പദ്ധതി നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് നടപ്പാക്കാൻ കഴിഞ്ഞില്ല എന്ന് വ്യക്തമാക്കാമോ ;

(സി) അഗ്രി കാർഡ് ലഭിക്കുന്നതിലൂടെ കർഷകർക്ക് ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ എന്തെല്ലാമാണ് എന്ന് വെളിപ്പെടുത്തുമോ ;

(ഡി) അഗ്രി കാർഡ് നല്കുന്ന പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വിശദമാക്കുമോ ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) 17-8-2013 വരെ 18.77 ലക്ഷം കർഷകരുടെ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) കൃഷി വകുപ്പിന്റെ ഓൺലൈൻ കർഷക ഡേറ്റാ ബേസിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 18.77 ലക്ഷം കർഷകർക്കാണ് അഗ്രികാർഡ് വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നത്. ഈ പദ്ധതി നടപ്പിലാക്കുന്നതിലേക്കായി കാനറാ ബാങ്കുമായും കേരള ഗ്രാമീൺ ബാങ്കുമായും സർക്കാർ തലത്തിൽ ചർച്ചകൾ നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly